# Back 2 Bible

ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്

**For online Circulation** **Vol. 1 Issue 2** **March 2008**


## കുമ്പസാരത്തിന് ആള് കുറയുന്നു പാപത്തിന്റെ പുതിയ പട്ടികയുമായി വത്തിക്കൻ

കത്തോലിക്ക സഭ പാപത്തിന്റെ പട്ടിക പുതുക്കിയിരിക്കുന്നു. പരമ്പരാഗതമായ ഏഴ് മാരക പാപങ്ങളൊടൊപ്പാം ഏഴ് ആധുനിക പാപങ്ങൾ ചേർത്താണ് പുതിയ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. പരിതസ്ഥിതി മലിനീകരണം, അമിതമായ ധനാർജ്ജനം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും കടത്തും, ഇവയൊക്കെ മരണകരമായ പുതിയ പാപങ്ങളിൽപ്പെടുന്നു. മാരകമെന്ന് കത്തോലിക്ക സഭവിധിയെഴുതിയ ഈ പാപങ്ങൾ ചെയ്താൽ പരേതന്റെ ആത്മാവ് നേരിട്ട് നരകത്തിലെത്തുമെന്നാണ് പഠിപ്പിക്കൽ. തടക്കുവാനവാത്ത ആഗേളവത്ക്കരണത്തിന്റെ ഈ കാലത്ത് മാരക പാപങ്ങൾക്ക് പുത്തൻ വ്യാഖ്യാനങ്ങൾ ആവശ്യമെന്നാണ് വത്തിക്കന്റെ അവകാശവാദം.

കുമ്പസാരത്തിന് ആള് കുറയുന്നു എന്ന കത്തോലിക്ക സർവ്വകലാശാലയുടെ കണ്ടെത്തലുകളാണ് പട്ടികപ്പുതുക്കലിന് പ്രേരകം. പത്ത് വർഷങ്ങൾക്ക് മുമ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ഇറ്റലിയിൽത്തന്നെ അറുപത് ശതമാനത്തിൽ അധികം പേർ കുമ്പസാരം നിർത്തിക്കഴിഞ്ഞു. കഴിഞ്ഞ ഒരു ദശാബ്ദമായി ഈ സ്ഥിതിക്കൊരു മാറ്റമില്ല എന്നത് റോമ സഭയുടെ നേതൃത്വത്തെ ദുഃഖിതരാക്കിയിരിക്കുന്നു. കൂടുതൽ ജനത്തേക്കുമ്പസാരക്കൂട്ടിലേക്ക് നയിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമാണ് പാപത്തിന്റെ പട്ടികയുടെ ഈ ആധുനികവ്തക്കരണം.

ഒരു ശരാശരി റോമൻ കത്തോലിക്കൻ വർഷത്തിലോരിക്കൽ കുമ്പസരിക്കണമെന്നാണ് വെയ്പ്പ്. എന്നാൽ ഇന്ന് കുമ്പസാരക്കൂടുകളിൽ ആളെത്തുന്നില്ല. പോപ്പ് പോലും ആഴ്ച്ചയിലൊരിക്കൽ കുമ്പസരിക്കുന്നുണ്ടെന്ന് ഓർക്കണം അപ്പോഴാണ് കുഞ്ഞാടുകൾ കൂടുവിട്ട് അലയുന്നത്. (പോപ്പിനെ കൊണ്ട് കുമ്പസരിപ്പിക്കുന്നതും കുർബാന എടുപ്പിക്കുന്നതും ആരെന്നുള്ള ചോദ്യം അവിടെ നില്ക്കട്ടെ.) പുതിയ പട്ടികയനുസരിച്ച് അല്പ്പം പുകത്തുപ്പുന്ന വാഹനമോടിച്ചാൽ, കൈയ്യിലൊരു പോളിത്തീൻ ബാഗ് ഉണ്ടെങ്കിൽ നിങ്ങൾ പരിതസ്ഥിതിയെ കളങ്കപ്പെടുത്തി, നേരെ നരകത്തിലെത്തുന്നതിന് യോഗ്യമായ പാപം ചെയ്തുകഴിഞ്ഞു.

പാപത്തിന്റെ പട്ടികപുതുക്കി പാപത്തേക്കുറിച്ച് ബോധവാന്മാരാക്കി, പേടിപ്പെടുത്തി കുമ്പസാരക്കൂട്ടിൽ തിരിച്ചു കയറ്റാനാണ് കത്തോലിക്ക സഭയുടെ ശ്രമം. ഇവിടെ ചില ചോദ്യങ്ങളുതിക്കുന്നു, അപ്പോൾ പഴയപ്പട്ടികയിലുള്ള പാപങ്ങളൊന്നും ചെയ്യാത്തതുകൊണ്ടാണോ ആടുകൾ കുമ്പസാരക്കൂട് വിട്ടത്? അല്ലെന്നുള്ളതല്ലെ സത്യം? ജനം സത്യം അറിഞ്ഞുതുടങ്ങിയിരിക്കുന്നു. റോമാ സഭ പിന്തുടരുന്ന അർത്ഥശൂന്യമായ ആചാരനുഷ്ഠാനങ്ങളുടെ പൊള്ളത്തരം ജനം ഗ്രഹിച്ചിരിക്കുന്നു. അല്ലെങ്കിൽ തന്നെ യഥാർത്ഥ ക്രിസ്തീയതയുടെ അന്തഃസത്ത നഷ്ടപ്പെടുത്തിയ പാശ്ചാത്യ പൗരോഹിത്യ സഭകളിൽ നിന്നും ജനം ഓടിയകന്നുകൊണ്ടിരിക്കുന്നു. സഭാനാഥനായ ക്രിസ്തുവിനെ ഉപേക്ഷിച്ച് വചനവിരുദ്ധ കൂദാശകൾ കുത്തിനിറച്ച പരമ്പര്യസഭകൾക്കൊന്നും(കത്തോലിക്ക സഭയ്ക്ക് മാത്രമല്ല) അല്മായന്റെ ആത്മിക പ്രശ്നങ്ങൾക്ക് പരിഹാരം നല്കുവാനാകുന്നില്ല. അവർ പള്ളിവിട്ട്, പട്ടക്കാരനെ വിട്ടോടിയെങ്കിൽ അതിലത്ഭുതമില്ല.

അതിന്റെ അർത്ഥം എല്ലാവരും സത്യം കണ്ടെത്തിയെന്നല്ല. കരസ്മാറ്റിക്ക് പ്രസ്ഥാനത്തിലൂടെ, പാരമ്പര്യ സഭകളിൽ അങ്ങിങ്ങായി നടക്കുന്ന അസംഘടിത നവീകരണ ശ്രമങ്ങളിലൂടെ ഒരു ന്യൂനപക്ഷമെങ്കിലും സത്യമറിഞ്ഞ് പുറത്തുവന്നിട്ടുണ്ട്. എങ്കിലും ക്രിസ്തീയ പേരുള്ളവരിൽ പലരും അയ്യായിരം വർഷവും മറ്റും പഴക്കം പറയുന്ന പമ്പരവിഡ്ഢിത്തങ്ങൾക്ക് പിന്നാലെ പോകുന്നതും, മനുഷ്യ ദൈവങ്ങൾക്ക് മുമ്പിൽ കുമ്പിടുവാൻ കടൽ കടന്നെത്തുന്നതിനുമെല്ലാം കാരണം പാരമ്പ്യര സഭകളുടെ പരാജയമാണ്. ദൈവവചനസത്യങ്ങൾ കണ്ടില്ലെന്ന് നടിക്കാതെ അവയെ അംഗീകരിക്കുവാൻ തയ്യാറാവുക. കുമ്പസാരക്കൂടുകളും പള്ളികളും കാലിയായിക്കൊണ്ടിരിക്കും, പുണ്യവാളന്മാരുടെ പേരിലുള്ള കപ്പോളകളിലും, കുരിശടികളിലും വരുമാനം കുറയും. പേടിക്കേണ്ട, അവരെല്ലാവും നരകത്തിൽ പോകയില്ല, ഇത് 21–ാം നൂറ്റാണ്ടാണ്. ഇഷ്ടം പോലെ സുവിശേഷ വിഹിത സഭകൾ ഇന്നുണ്ട്. അവിടെപ്പോയി അവർ വചനം പഠിച്ചനുസരിച്ച് സ്വർഗ്ഗത്തിൽ പോയ്ക്കോളും.

## ദേവസ്യ മുല്ലക്കര സാറിന്റെ മാനസാന്തരം

ഒടുവിൽ മുല്ലക്കര സാറ് കത്തോലിക്ക സഭ വിട്ടു. മുല്ലക്കര സാറിന്റെ പ്രവർത്തനങ്ങളെ വിവധ തലത്തിൽ നോക്കിക്കാണുകയായിരുന്നു ആത്മീക ലോകം. എന്തെ ദേവസ്യ മുല്ലക്കര സ്നാനം പ്രസംഗിക്കാത്തത്? അദ്ദേഹം പ്രസംഗിക്കുന്ന മാനസാന്തരം യഥാർത്ഥമാണെങ്കിൽ റോമൻ കത്തോലിക്ക സഭയ്ക്കുള്ളിൽ എങ്ങനെ താൻ നിൽക്കുന്നു? എന്നും മറ്റും ചോദിച്ചവരുണ്ട്. ഒടുവിൽ അതിനൊരുത്തരമായിരിക്കുന്നു. മുല്ലക്കര സാറിന് മാത്രമല്ല രക്ഷയുടെ, ദൈവവചനത്തിന്റെ വെളിച്ചം അല്പ്പമെങ്കിലും ഉള്ളിൽ തട്ടിയിട്ടുള്ളവർക്ക് ആർക്കും പിന്നെ അവിടെ നില്ക്കുവാൻ കഴിയുകയില്ല. ഇരുട്ടിനും വെളിച്ചത്തിനും ഒന്നിച്ച് കൂടുവാൻ കഴിയുകയില്ല.

രണ്ടര വർഷങ്ങൾക്ക് മുമ്പ് തന്നെ ദേവസ്യ മുല്ലക്കര വിശ്വാസ സ്നാനം സ്വീകരിച്ചിരുന്നു. എന്നാൽ വേഗത്തിൽ ഈ വിവരം പുറത്തു പറയാതെ തന്റെ കൂടെ നില്ക്കുന്നവരെക്കൂടി വചനം പറഞ്ഞ് മനസ്സിലാക്കുവാനാണ് താൻ ശ്രമിച്ചത്. അല്ലെങ്കിൽ “മുല്ലക്കര സാറിന് അബദ്ധം പറ്റി” എന്നു മാത്രമേ അവർ കരുതുകയുള്ളായിരുന്നു.

പതിനെഴ് വർഷങ്ങൾക്ക് മുമ്പ് കരസ്മാറ്റിക്ക് ധ്യാനയോഗത്തിലൂടെ രക്ഷയുടെ അനഭവത്തിലേക്ക് കടന്നു വന്ന ദേവസ്യ മുല്ലക്കര അതിന്റെ പിറ്റേ ദിവസം മുതൽ കരസ്മാറ്റിക്ക് പ്രസംഗ വേദകളിൽ സജീവ സാന്നിദ്ധ്യമായി. സ്കൂൾ അദ്ധ്യാപകനായിരുന്ന മുല്ലക്കര സാർ ഭാഗികമായും പിന്നീട് അവധിയെടുത്തും സുവിശേഷ പ്രസംഗങ്ങൾ തുടങ്ങി. ആദ്യകാലത്ത് കുർബാനയിലൂടെയും കൂദാശകളിലൂടെയും ആത്മാനുഗ്രഹങ്ങൾ പ്രാപിക്കാൻ കഴിയുമെന്ന് തൻ വിശ്വസിച്ചിരുന്നുവെങ്കിലും വളരെ വേഗം ഇവകളുടെ നിരർത്ഥകത താൻ തിരിച്ചറിഞ്ഞു. അങ്ങനെയിരക്കെ ഒരിക്കൽ കണ്ണൂരിനടുത്തുള്ള എഴിമലക്കടപ്പുറത്തുകൂടി നടക്കുമ്പോൾ കടൽത്തിരയിലൂടെ ഒഴുകിയെത്തിയ ഒരു പുസ്തകത്തിന്റെ പോജാണ് തനിക്ക് വഴിത്തിരിവായത്. എബ്രായ ലേഖനം 10 : 10,11,12 വ്യഖ്യനമായിരുന്നു അത്. അതിൽ നിന്ന് സത്യം ഗ്രഹിച്ച മുല്ലക്കര സാർ ആരോക്കെ എതിർത്താലും കൈവിട്ടാലും സത്യത്തിന് വേണ്ടി നിൽക്കുവാൻ തീരുമാനിച്ചു.

എന്തായലും മുല്ലക്കര സാറിന്റെ നേതൃത്വത്തിൽ കേരളത്തിൽ, പ്രത്യേകിച്ചും വടക്കൻ ജില്ലകളിൽ ഉണ്ടായിരിക്കുന്ന നവീകരണം സാത്താന്റെ കോട്ടകൾക്ക് വിള്ളൽ വരുത്തിയിരിക്കുകയാണ്. കേരളത്തിലെ പെന്തക്കോസ്ത് സഭകൾ ചിലരെക്കൂടി നരകത്തീയിൽ നിന്നും വലിച്ചെടുക്കുവാൻ ഇയെരു അവസരം ഉപയോഗിക്കണം. അങ്ങനെ പറയുമ്പോൾ മുല്ലക്കര സാറിന്റെ സഭ പെന്തക്കോസ്തല്ല എന്നു പറയുന്നവരുണ്ട്. എന്നാൽ പെന്തക്കോസ്ത് ഒരു സഭയല്ല ഒരു ഉപദേശമാണെന്ന് മനസ്സിലാക്കുമ്പോൾ ആ ഉപദേശത്തിൽ നിലനില്ക്കുന്നവർ എല്ലാം തത്വത്തിൽ പെന്തക്കോസ്തർ തന്നെയാണ്. ക്രൈസ്തവ കൈരളിക്ക് ഒരു രണ്ടാം നവീകരണമായി ഈ മാറ്റങ്ങൾ ഭവിക്കട്ടെ.



Back 2 Bible
ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്
For online Circulation Vol. 1 Issue 2 March. 2008

We cordially welcome your valuable comments and feedback
WEBSITE : http://www.back2bible.com
EMAIL : editor@back2bible.com

# ക്രൃപയാലുള്ള രക്ഷ

**എഡിറ്റോറിയൽ**

റോമായിലുള്ള സഭയ്ക്ക് വിശുദ്ധ പൗലോസ് എഴുതിയ തന്റെ ലേഖനത്തിന്റെ കേന്ദ്രവിഷയം രക്ഷയ്ക്ക് കാരണമായ ദൈവക്രൃപയെപ്പറ്റിയായിരുന്നു. 8–ാം അദ്ധ്യായത്തിൽ "അതുകൊണ്ട് ഇപ്പോൾ ക്രിസ്തുവേശുവിലുള്ളവർക്ക് ഒരു ശിക്ഷാവധിയുമില്ല" എന്ന് യാതൊരും സന്ദേഹവും കൂടാതെ താൻ പ്രഖ്യാപിക്കുവാൻ ഇടയായി. തന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നും സ്വാതന്ത്രം നല്കിയ യേശുക്രിസ്തുവിനെ പൗലോസ് വരച്ചുകാട്ടിയത് ആധുനികറോമാസഭ കണ്ടില്ലെന്ന് നടിക്കുന്നു. കൂദാശകളും, കൊന്തയും, വിഗ്രഹവണക്കവും, കുമ്പസാരവും, പുണ്യവാളന്മാരുടെ അകമ്പടിയും കൂടാതെയുള്ള രക്ഷ അവർക്ക് അപ്രാപ്യമാണ്. ലളിതമായ ക്രിസ്തീയ വിശ്വാസത്തെ ദൈവവചന വിരുദ്ധമായ ആചാരനുഷ്ഠാനങ്ങളിലൂടെ, ആപൽക്കരമായ ദുരുപദേശങ്ങളിലൂടെ തകർത്തിരിക്കുന്നു. നൂറ്റാണ്ടുകളായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മുങ്ങിത്താഴലിന്റെ ആഴം കൂടുകയല്ലാതെ കുറയുകയില്ല. കത്തോലിക്കസഭ നന്നാകും എന്ന് വ്യാമോഹിച്ച് കഴിയുന്ന ഒരു പക്ഷം അതിനകത്തുണ്ട്. സാക്ഷാൽ ഈശോത്തമ്പുരൻ പറഞ്ഞാൽ അനുസരിക്കാത്ത പള്ളിമതത്തിൽ നിന്ന് ജീവനും കൊണ്ട് ഓടി രക്ഷപെടുന്നതാണ് ബുദ്ധി.

ഈയിടയായി കുമ്പസാരത്തിന് ആള് കുറയുന്നു എന്നതാണ് റോമാസഭയുടെ സങ്കടം. കുമ്പസാരത്തിന് ആള് കുറഞ്ഞാൽ എന്താ കുഴപ്പമെന്നല്ലേ. ആടുകളെ ഇടയന്റെ അടിമയാക്കുവാനുള്ള ഏറ്റവും നല്ല വടി കുമ്പസാരമാണ്. പോപ്പ് പോലും ആഴ്ച്ചയിലൊരിക്കൽ കുമ്പസരിക്കുന്നുണ്ട്. തെറ്റുപ്പറ്റാവരമുള്ള പോപ്പ് എന്ത് പാപമാണ് ഏറ്റ് പറയുന്നത്? ക്ഷമിക്കണം, അത്തരം ചോദ്യങ്ങൾക്ക് പ്രസക്തിയില്ലെന്നറിയാം, എന്നാൽ കേടിക്കണക്കിന് ആത്മാക്കളെ ദുരുപദേശങ്ങളുടെ ചങ്ങലയിൽക്കുടുക്കി നരകത്തിലേക്ക് കെട്ടിവലിക്കുന്നതിന്റെ പാപം എപ്പോൾ ഏറ്റുപറയും?

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ,

പാസ്റ്റർ ഫിന്നി ചാലുങ്കൽ
(ചീഫ് എഡിറ്റർ)

# ചോദിക്കു...പറയാം.....

ചോദ്യം: എന്തുകൊണ്ടാണ് കത്തോലിക്ക സഭ ബൈബിൾ വിവർത്തനത്തേ എതിർത്തത്?

ഉത്തരം: ഓരൊ നൂറ്റാണ്ടു കഴിയുമ്പോഴും സഭ വചനത്തിൽ നിന്ന് ദൂരേക്ക് പോയ്ക്കൊണ്ടിരുന്നു. അവസാനം വചനം പറയുന്നതും സഭപറയുന്നതും ഏറെക്കുറെ നേർവിപരീതം തന്നെയായിത്തീർന്നു. സാധാരണ ജനങ്ങൾ ബൈബിൾ വായിച്ചാൽ അവർ സത്യമറിയും എന്ന് ഭയപ്പാട് സാത്താനും സഭാനേതൃത്വത്തിനും ഒരുപോലെ ഉണ്ടായിരുന്നു. അതിന് സാത്താൻ കൊടുത്ത ബുദ്ധിയായിരുന്നു ഈ വിവർത്തന വിരോധം. വേദപുസ്തകം മറ്റ് ഭാഷകളിലേക്ക് തർജ്ജിമ ചെയ്യുന്നതിനെ കത്തോലിക്ക സഭ എതിർത്തു. എന്നുമാത്രമല്ല അതിന്റെ പേരിൽ അനേകർക്ക് രക്തസാക്ഷികളാകുവാനുള്ള അവസരവുമൊരുക്കി. ലത്തീൻ ഭാഷ അറിയാവുന്ന സഭാദ്ധ്യക്ഷന്മാർക്കല്ലാതെ സാധാരണജനങ്ങൾക്ക് വേദപുസ്തകവുമായി ഒരു ബന്ധവുമില്ലായിരുന്നു. പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചരുന്ന ജോൺ വിക്ലിഫ് സാധാരണക്കാരന്റെ കൈയ്യിൽ ബൈബിൾ എത്തിക്കുവാനുള്ള ദൃഢനിശ്ചയത്തോട് വിവർത്തനം ആരംഭിച്ചു. 1382 ൽ പരിഭാഷ പൂർത്തിയായെങ്കിലും അത് അച്ചടിക്കുവാൻ തനിക്ക് കഴിഞ്ഞില്ല. റോമാസഭ അദ്ദേഹത്തേ മുടക്കുകയും മരണാനന്തരം തന്റെ അസ്ഥികൾ കുഴിമാന്തിയെടുത്ത് ദഹിപ്പിക്കുകയും ചെയ്തു. ജോൺ വിക്ലിഫിനെ' നവീകരണത്തിന്റെ ഉദയ നക്ഷത്രം' എന്ന് വിളിക്കുന്നുവെങ്കിൽ അത് എത്രയൊ അന്വർത്ഥമാണ്.

ചോദ്യം : വേദപുസ്തകത്തേ ചുറ്റിപ്പറ്റിയുള്ള അന്ധവിശ്വാസങ്ങൾ എന്തെല്ലാമണ്?

ഉത്തരം: വേദുസ്തകം ഒരു വിഗ്രഹം പോലെ പുജിക്കുന്നവരെ കണ്ടിട്ടുണ്ട് അബദ്ധത്തിൽ കൈയ്യിൽ നിന്ന് താഴെ വീണാൽ എന്തൊ മഹാപാപം ചെയ്തു എന്നമട്ടിൽ പ്രതികരിക്കുന്നവരുണ്ട്. പിശാചിനെ ഓടിക്കുവാനുള്ള ഉപാധിയായി വേദപുസ്തകത്തെക്കാണുന്നവരുണ്ട്. ക്രൂശിതരൂപത്തിന്റെ മൂമ്പിൽ ഭക്തിയോടെ വിളക്ക് കത്തിച്ച് സൂക്ഷിച്ച് വെയ്ക്കുന്നത് കണ്ടിട്ടുണ്ട്. വേദപുസ്തകം പഠിക്കുവാനുള്ളതാണ്, അനുസരിക്കാനുള്ളതാണ്, അല്ലാതെ തൊട്ട് തൊഴുവാനും സൂക്ഷിച്ച് വെയ്ക്കുവാനുമല്ല.

# Martin Luther's Letter

**Taken from 'Martin Luther -The Great Reformer', OM Books, Secunderabad**

To Albert, Archbishop and Elector of Mayence: (The Wartburg) December 1, 1521

My humble servant to your Electoral Grace, my honorable and gracious Lord. Your Grace doubtless remembers vividly that I have written you twice before, the first time at the beginning of the indulgence fraud protected by your Grace's name. In that letter I faithfully warned your Grace and from Christian love set myself against those deceitful, seducing, greedy preachers thereof, and against their heretical, infidel books. Had I not preferred to act with moderation I might have driven the whole storm on your Grace as the one who aided and abetted the traders, and I might have written expressly against their heretical books, but instead I spared your Grace and the house of Brandenburg, thinking that your Grace might have acted through ignorance, led astray by false whisperers, so I only attacked them, and with how much trouble and danger as your Grace knows.

But as this my true admonition was mocked by Grace, obtaining ingratitude instead of thanks, I wrote you a second time humbly asking for information. To this I got a hard, improper unepiscopal, unchristian answer, referring me to higher powers for information. As these two letter did no good, I am now sending your Grace third warning according to the Gospel, this time in German, hoping that such admonition and prayer, which ought to be superfluous and unnecessary, may help.

Your Grace has again erected at Halle that idol which robs poor simple Christians of their money and their souls. You have thus shown that the criminal blunder for which Tetzel was blamed was not due to him alone, but also to the Archbishop of Mayence, who not regarding my gentleness to him, insists on taking all the blame on himself. Perhaps your Grace thinks I am no more to be reckoned with, but am looking out for my own safety, and that his Imperial majesty has extinguished the poor monk. On the contrary, I wish you Your Grace to know that I will do what Christian love demands without fearing the gates of hell, much less unlearned popes, bishops, and cardinals.............

I humbly pray your Grace, therefore, to leave poor people undeceived and unrobbed, and show yourself a bishop rather than a wolf. It has been made clear enough that indulgences are only knavery and fraud, and that only Christ should be preached to the people, so that your Grace has not the excuse of ignorance. Your Grace will please remember the beginning, and what a terrible fire was kindled from a little despised spark, and how all the world was surely of the opinion that a single poor beggar was immeasurable too weak for the pope, and was undertaking an impossible task. But God willed to give the pope and his followers more than enough to do, and to play a game contrary to the expectation of the world, and in spite of it, so that the Pope will hardly recover, growing daily worse, and one may see God's hand therein. Let no one doubt that the same God yet lives and knows how to withstand a cardinal of Mayence even if four emperors would support him.......

Wherefore I write to tell your Grace that if the idol is not taken down, my duty to godly doctrine and Christian salvation will absolutely force me to attack your Grace Publically as I did the Pope, and oppose your undertaking, and lay all the odiums which Tetzel one had, on the Archbishop of Mayence, and show all the world the difference between a bishop and a wolf............

Moreover, I beg your Grace to leave in peace the priests who, to avoid unchastity, have betaken themselves to marriage. Do not deprive them of their God-given rights. Your Grace has no authority, reason not right to persecute them, and arbitrary crime does not become a bishop...... I beg and expect a right speedy answer from your Grace within the next fortnight, for at the expiration of that time my pamphlet against the Idol of Halle will be published unless a proper answer comes.......God give your Grace His grace unto a right mind and will.

Your Grace's obedient, humble servant,

Martin Luther